കൂടുതൽ കളക്ഷനുള്ള ഒരു ബസ്സാണ് വഴിക്കടവ് ബസ്. ആ വഴിക്കടവ് റൂട്ടിൽ ശങ്കരനാരായണൻ എന്നൊരാൾക്ക് പ്രൈവറ്റ് ഉടമയിൽ പെർമിറ്റ് കൊടുത്തു. ഈ വഴിക്കടവ് ബസ് കാൻസൽ ചെയ്തത് ഏത് അടിസ്ഥാനത്തിലാണ്; നഷ്ടം വന്നതിന്റെ അടിസ്ഥാനത്തിലാണോ; വേറെ വല്ല പ്രത്യേക താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിലാണോ?

ശ്രീ. പി. കെ. വേലായുധൻ: കോഴിക്കോട്ടെ വഴിക്കടവ് ബസ് കുറെ നാളായി ഓടാറില്ല. നാട്ടുകാർ അഭ്യർത്ഥിച്ചതനുസരിച്ച് വണ്ടി കുറെ നാൾ ഓടിപ്പിച്ചു നോക്കി. പക്ഷേ ഒരു കിലോമീറ്ററിന് മൂന്നു രൂപ പത്തു പൈസപോലും കിട്ടാത്ത സാഹചര്യത്തിൽ ആ വണ്ടി ഓടിപ്പിക്കേണ്ടെന്നു കെ. എസ്. ആർ. ടി. സി. ക്ക് നിർദ്ദേശം കൊടുത്തു.

കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ക്ഷേമനിധി

* [5] ശ്രീ. എ. സി. ജോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി നിയമിച്ച മഹാബലറാവു കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിൽ ശുപാർശ ചെയ്തിരിക്കുന്നതുപോലെ കെട്ടിടനിർമ്മാണ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ എന്താണ് കാലതാമസം എന്ന് വ്യക്തമാക്കുമോ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി) ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള കരട് ബില്ലിൻമേൽ നിയമവകുപ്പിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും തൊഴിൽവകുപ്പ് പരിശോധിച്ചുവരുന്നു. പൊതുമരാമത്തുവകുപ്പിന്റെ അഭിപ്രായംകൂടി ലഭിച്ചുകഴിഞ്ഞാൽ ഉടനെ പ്രസ്തുത ക്ഷേമനിധി രൂപീകരിക്കാൻ കഴിയും.

ശ്രീ. എ. സി. ജോസ്: ഈ ക്ഷേമനിധിയിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ആളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ശിവദാസൻ: നിർദ്ദേശിക്കപ്പെട്ട കോൺട്രാക്ടർ വർക്കേഴ്സിനേയും ഈ വിഭാഗത്തിൽപ്പെട്ട എല്ലാ വിഭാഗം തൊഴിലാളികളേയും ഇതിൽ ഉൾപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. സി. ജോസ്: ഈ നിയമസഭയുടെ കാലഘട്ടത്തിൽത്തന്നെ ഈ ക്ഷേമനിധി നിയമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ശിവദാസൻ: ഈ ക്ഷേമനിധി എത്രയുംവേഗം രൂപീകരിക്കുന്നതിനുള്ള നടപടികൾ നടത്തിവരികയാണ്. ഈ ഗവൺമെന്റ് ഇങ്ങനെ ഒരു ആവശ്യമുണ്ടായപ്പോൾത്തന്നെ ശ്രീ. മഹാബലറാവു കമ്മീഷനെ

LIBRARY ARCHIVES Kerala Legislative Assembly

നിയമിച്ചു. ആ കമ്മീഷൻ മാസങ്ങൾക്കുള്ളിൽത്തന്നെ റിപ്പോർട്ട് തന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണ ബിൽ ഉണ്ടാക്കി. ഇതൊക്കെ അതിന്റെ നടപടികളാണ്. ആ ബിൽ ലാ ഡിപ്പാർട്ട്മെന്റ് പരിശോധിച്ച് അവരുടെ കമന്റ്സ് വന്നു. ഇതു സംബന്ധിച്ച് പൊതുമരാമത്തുവകുപ്പിന്റെ അഭിപ്രായങ്ങളും കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻ - അനുസരിച്ചുള്ള കേന്ദ്രഗവൺമെന്റിന്റെ അംഗീകാരങ്ങളും വാങ്ങുന്നതിന് എത്രയുംവേഗം ശ്രമിച്ചു എത്രയുംവേഗം ഇതു നടപ്പിലാക്കണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശം. മെമ്പർ ചോദിച്ചതുപോലെ ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽത്തന്നെ ഇതു നടപ്പിലാക്കുന്നതിനു എല്ലാ പരിശ്രമങ്ങളും ഗവൺമെന്റ് ചെയ്തുവരികയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കെട്ടിടനിർമ്മാണ തൊഴിലാളികളെ മിനിമം വേജസ് ആക്ട്, വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട് തുടങ്ങിയ തൊഴിൽ നിയമങ്ങളുടെ പരിധിക്കകത്തുകൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഈ നിയമങ്ങളെല്ലാം അവർക്കിപ്പോഴും ബാധകമാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: ഈ കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക്, ശരിക്കുപറഞ്ഞാൽ ഐ. ആർ. ഡി. പി. പോലുള്ള പദ്ധതികൾ പലതുമുണ്ടെങ്കിലും അവർക്ക് ലഭിക്കുന്ന വായ്പകൊണ്ട് അവരുടെ പണിയായുധങ്ങൾ വാങ്ങുന്നതിനോ സ്വയംതൊഴിൽ കണ്ടെത്തുന്നതിനോ കഴിയാത്ത സ്ഥിതിയാണിന്നുള്ളത്. ഇത്രയും ഉത്തരവാദിത്വത്തോടെ പണിയെടുക്കുന്ന മറ്റൊരു വിഭാഗം ആളുകളെ കിട്ടാൻ കഴിയുകയില്ല. എന്നാൽ അവർക്ക് ഈ തൊഴിൽ സ്വന്തമായി ചെയ്തു കുടുംബം പുലർത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ഒരു മേഖലയിൽനിന്നും കിട്ടുന്നില്ല. ഇപ്പോൾ വ്യക്തമാക്കിയതുപോലെ നിയമത്തിന്റെ പിന്തുണയില്ലാത്ത പദ്ധതിയാണ് നടപ്പിലാക്കുവാൻ പോകുന്നതെങ്കിൽ അത് ഉദ്ദേശിക്കുന്ന വിധത്തിൽ എളുപ്പവും അല്ല. അവർക്ക് വായ്പാ സഹായം ലഭ്യമാക്കുന്നതിനും എപ്പോഴും അപകടസാദ്ധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ. എന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഇത്തരം കാര്യങ്ങൾകൊക്കെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ക്ഷേമനിധിക്ക് പ്രൊവിഷൻ ഉണ്ടാക്കിയിരിക്കുന്നത്. ഇപ്പോൾ ഇവർക്ക് വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ടിന്റെ പ്രൊട്ടക്ഷൻ ഉണ്ട്. അതുപോലെതന്നെ കൺസ്ട്രക്ഷൻ വർക്കേഴ്സിനു ഗവൺമെന്റിന്റെ പരിമിതമായ തോതിലുള്ള വെൽഫെയർ സ്കീമും ഉണ്ട്. അതനുസരിച്ച് ഒരു അപകടം പറ്റിയാൽ 5,000 രൂപ വരെ കിട്ടുന്നതിനുള്ള പ്രൊവിഷൻ ഉണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: നമ്മുടെ സംസ്ഥാനത്തു പല ക്ഷേമനിധികളും ഉണ്ട്, കെട്ടിട നിർമ്മാണ തൊഴിലാളികൾക്കുവേണ്ടി പരിഗണനയിലുള്ളതും നിയമവകുപ്പിന്റെ അഭിപ്രായം ആരായുന്നതിന് അയച്ചിരിക്കുന്നതുമായ ഈ പദ്ധതിയിൽ തൊഴിലാളികളുടെ കോൺട്രിബ്യൂഷൻ

LIBRARY ARCHIVES Kerala Legislative Assembly

എന്താണ്? ഇതിൽ കെട്ടിടംപണി ചെയ്യുന്ന ഉടമസ്ഥരുടെ കോൺട്രിബ്യൂഷൻ എന്താണ്? ഗവൺമെന്റിന് എന്തെങ്കിലും കോൺട്രിബ്യൂഷൻ ഉണ്ടോ? എന്താണ് അതിന്റെ വ്യവസ്ഥകം എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: തൊഴിലാളികളുടെ ഒരു വോളന്ററി നേച്ച റാണ് ഇതിൽ വിഭാവന ചെയ്തിരിക്കുന്നത". ഫൈനലായിട്ട് ഒരു ബിൽ ശരിപ്പെടുത്തിയിട്ടില്ല. എ, ബി, സി, ഡി എന്ന നിലയിൽ അഞ്ചുരൂപ, പത്തുരൂപ, പതിനഞ്ചുരൂപ ഇരുപത്തഞ്ചുരൂപ ഇങ്ങനെ ഏതു ക്ലാസിൽ വേണമെങ്കിലും അവർക്ക് ഓപ്റ്റ് ചെയ്തു കൊടുക്കാം. ഇതിന്റെ ധനാഗമമാർഗ്ഗങ്ങളും പല രൂപത്തിലാണ്. ഉദാഹരണത്തിന് പി. ഡബ്ലിയു. ഡി. കൺസ്ട്രക്ഷൻ നടത്തുമ്പോൾ ഒരു പർട്ടിക്കുലർ ശതമാനം ഇതിന്റെ ഫണ്ടിലേക്ക് നൽകേണ്ടിവരും. കൂടാതെ ഒരു സെസ്സ് ഏർപ്പെടുത്തി അതിൽനിന്നും കോൺട്രിബ്യൂഷൻ തരേണ്ടിവരും. ഇങ്ങനെയാണ് ഇത് വിഭാവന ചെയ്തിട്ടുള്ളത്. അതൊരു മാച്ചിംഗ് ഗ്രാന്റ് ആയിട്ട് കൊടുത്തിട്ട് ആ ഫണ്ട് അങ്ങനെ നിലനിർത്തി അതിൽനിന്നും കൊടുക്കുകയെന്നുള്ളതാണ്.

ശ്രീ. ഇ. പത്മനാഭൻ: എല്ലാ തൊഴിൽ നിയമങ്ങളും ഈ കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ബാധകമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ Occupational safety-യെ സംബന്ധിച്ച് എന്തെല്ലാം നിബന്ധനകളാണ് അവർക്ക് ബാധകമായിട്ടുണ്ട്? തൊഴിലെടുക്കുന്ന സമയത്തുവരുന്ന അപകടങ്ങൾ ആർക്ക് റിപ്പോർട്ട് ചെയ്യണം എന്ന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ? ഇന്ന് മരണപ്പെട്ടു കഴിഞ്ഞതിനുശേഷം, പോലീസ് കേസെടുത്തിട്ടുപോലും, ലേബർ ഡിപ്പാർട്ടുമെന്റോ ലേബർ നിയമങ്ങളോ ഒന്നും പാലിക്കാതെ ഉദ്യോഗസ്ഥൻമാർ അതു സംബന്ധിച്ച് യാതൊരു നടപടിയും എടുക്കാതെ പോകുകയാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിനൊക്കെ ഏതു നിയമം എങ്ങനെ നടപ്പാക്കുന്നു എന്നാണ് മന്ത്രി ഉദ്ദേശിച്ചത് എന്ന് വ്യക്തമാക്കാമോ? ഇതിന് എന്തെങ്കിലും പരിഹാരം ഉണ്ടാക്കാൻ കഴിയുമോ?

ശ്രീ. കെ. ശിവദാസൻ: വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ടിൽ ഇത് വളരെ വ്യക്തമായി പറയുന്നുണ്ട്. "In the case of Employment, if anything happens, the Employer is responsible". ഇത് വളരെ വിപുലമായ ആംബിറേറാടുകൂടിയ ഒരു ആക്ടാണ്. അതിൽ ഡെയിലി വേജസോ കാഷ്വലോ അല്ലാത്ത എല്ലാവരും അതിന്റെ കവറേജിൽ വരും. ഇതിന്റെ ബെനിഫിറ്റ് വേണ്ട ആളുകൾക്ക് അതിന് അതോറിറ്റിയുണ്ട്, അവരെ സമീപിക്കാം. ലേബർ വകുപ്പിൽ അതിന് പർട്ടിക്കുലർ അതോറിറ്റിയുണ്ട്. അതനുസരിച്ച് നടപടി എടുക്കാവുന്നതാണ്. പിന്നെയുള്ളത് ഗവൺമെന്റിന്റെ ഓർഡറുള്ള ഒരു വെൽഫെയർ ഫണ്ടുണ്ട്. ഇങ്ങനെ മരണം സംഭവിച്ചു അല്ലെങ്കിൽ inability വന്നു എന്ന് പറഞ്ഞാൽ 5000 രൂപവരെ അതിൽനിന്നും കൊടുക്കും. അതാണ് ഇപ്പോഴുള്ളത്. അത് കൂടുതൽ വിപുലീകരിക്കുന്നതിനുവേണ്ടിയാണ് ഈ ക്ഷേമപദ്ധതികൾ കൊണ്ടുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly